# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2306** **19/06/2013 ൽ മറുപടിക്ക്**

**ആവശ്യമായ മരുന്നുകൾ ലഭ്യമല്ലെന്ന പരാതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പകർച്ചപ്പനിയും മാരകമായ മറ്റ് രോഗങ്ങളും പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആവശ്യമായ മരുന്നുകൾ ലഭ്യമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഇല്ല. മഴക്കാല രോഗങ്ങളെയും, പകർച്ച വ്യാധികളെയും നേരിടുന്നതിനാവശ്യമായ മരുന്നുകളെല്ലാം തന്നെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പരാതികൾ പരിഹരിച്ചുകൊണ്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ; | | |
| (സി) | സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്തെ പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) | ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രതിരോധ പ്രവർത്തനരംഗത്ത് പരിശീലനം ലഭിച്ച ജീവനക്കാരെ സ്ഥിരം ഒഴിവുകളിൽ നിയമിക്കുന്നതിനുപകരം ദിവസക്കൂലിക്കാരെ വ്യാപകമായി നിയമിക്കുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ചില താഴ്ന്ന തസ്തികകളിലെ നിയമനം സംബന്ധിച്ച കേസുകളും അതിന്മേലുള്ള താത്കാലിക ഉത്തരവുകളും നിലനിൽക്കുന്നതിനാൽ ആശുപത്രികളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനാവശ്യമായ ചില ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്ക് ആശുപത്രികളിലും എത്ര ദിവസക്കൂലിക്കാരെ നിയമിച്ചിട്ടുണ്ടെന്നും പറയാമോ ? | (ഇ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലുമായി 700 ഓളം പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. ആരോഗ്യ വകുപ്പിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ